പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 474 20. 10.11 ൽ മറുപടിയ്ക്ക്

## കേരള ഇൻലാന്റ് വെസ്സൽ റൂൾസ്

ചോദ്യം

ശ്രീ. ലൂഡി ലൂയിസ്
ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ.പി.എ.മാധവൻ
ശ്രീ.വി.റ്റി.ബൽറാം.

മറുപടി

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ജലാശയങ്ങളിൽ അപകടങ്ങൾ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ ; | എ) | കേരളത്തിലെ ഉൾനാടൻ ജലയാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കുന്നതിനായുള്ള കേരള ഇൻലാന്റ് വെസ്സൽസ് റൂൾസ് 2010, എന്ന ചട്ടം സർക്കാർ ഉത്തരവ് ജി.ഒ(പി)നം.5/2010/ സി.എസ്.ഐ.എൻ.ഡി തിയതി 30/4/2010 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിയമം അനുസരിച്ച് ജലയാനങ്ങളുടെ സർവ്വേ നടത്തി സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കി ലൈസൻസ് നൽകുന്ന നടപടി തുറമുഖ വകുപ്പിലെ ഉദ്യോഗസ്ഥർ ചെയ്തുവരുന്നുണ്ട്.<br>കൂടാതെ കേരളത്തിലെ എല്ലാ ഉൾനാടൻ ജലയാനങ്ങളിലേയും ജീവനക്കാർക്ക് 4 ദിവസത്തെ പരിശീലനം കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിർബന്ധമാക്കിയിട്ടുണ്ട്.<br>സംസ്ഥാനത്തെ ജലാശയങ്ങളിൽ അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നിനായി ഒരു റെസ്ക്യു /ഡൈവേഴ്സ് ടീമിനെ ബന്ധപ്പെട്ട ജില്ലകളിൽ രൂപീകരിക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്<br>വേമ്പനാട് കായലിൽ ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തി ചാനലുകൾ അടയാളപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. സുരക്ഷ മുൻനിർത്തി പ്രധാന ജലാശയങ്ങൾ കേന്ദ്രീകരിച്ച് സേഫ്റ്റി ഓഫീസറെ നിയമിക്കാനും ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി | ഇതു സംബന്ധിച്ചുള്ള ' കേരള ഇൻലാൻറ് വെസ്സൽ റൂൾസ് ' പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | ബി | ഉണ്ട്.<br>കേരളത്തിലെ ഉൾനാടൻ ജലയാനങ്ങളെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന ട്രാവൻകൂർ പബ്ലിക് കനാൽസ് & പബ്ലിക് ഫെറിസ് റൂൾസ് , കൊച്ചിൻ പബ്ലിക് കനാൽസ് & ബാക്ക് വട്ടേഴ്സ് നാവിഗേഷൻ റൂൾസ് , കനാൽസ് & പബ്ലിക് ഫെറീസ് റൂൾസ് 1917. ഇൻലാന്റ് വെസ്സൽസ് സർവ്വേ & രജിസ്ട്രേഷൻ (കേരള) റൂൾസ് 1999 എന്നീ ചട്ടങ്ങൾ ഏകീകരിച്ചുകൊണ്ട് കേരള ഇൻലാൻറ് വെസ്സൽ റൂൾസ് , 2010 എന്ന ചട്ടം സർക്കാർ ഉത്തരവ് ജി.ഒ(പി)നം.5/2010/സി.എസ്.ഐ.എൻ.ഡി തിയതി 30/4/2010 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമത്തിന്റെ നടത്തിപ്പ് തുറമുഖ വകുപ്പിനെ 15-9-2010 മുതൽ ഏൽപ്പിച്ചിട്ടുണ്ട്.<br>പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഉൾനാടൻ ജലയാനങ്ങളുടെ സർവ്വേയും രജിസ്ട്രേഷനും നടത്തി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി | ജലാശയങ്ങളിൽ അപടകങ്ങൾ ഉണ്ടാകാതിരിക്കുവാൻ ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | സി | കേരള ഇൻലാൻറ് വെസ്സൽ റൂൾസ് , 2010 പ്രകാരമുള്ള ലൈസൻസ് എല്ലാ ഉൾനാടൻ ജലയാനങ്ങൾക്കും നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ചട്ടത്തിലെ ചട്ടം 3 (i (ii) ) പ്രകാരം എല്ലാ ഉൾനാടൻ ജലയാനങ്ങളും വർഷത്തിലൊരിക്കൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന വ്യവസ്ഥയും ചട്ടം 3(4) പ്രകാരം രണ്ട് വർഷത്തിലൊരിക്കൽ ഡ്രൈഡോക്ക് ചെയ്ത് പരിശോധിക്കണമെന്ന വ്യവസ്ഥയും കർശനമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ അപകടങ്ങൾ ഇല്ലാതാക്കാൻ സഹായകമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**